**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2323** **01-09-2022 - ൽ മറുപടിയ്ക്ക്**

**കൗൺസിലിംഗ് സെന്റർ ആരംഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ താലൂക്ക് തലത്തിൽ ഡി-അഡിക്ഷൻ / കൗൺസിലിംഗ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ; | (എ) | എല്ലാ ജില്ലകളിലും നിലവിൽ ഓരോ ഡി-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇവയ്ക്ക് പുറമേ ജില്ലകളിൽ പുതുതായി 2 ഡി-അഡിക്ഷൻ സെന്ററുകൾ കൂടി ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ നടപടികൾ പുരോഗമിച്ചു വരുന്നു. ഇപ്രകാരം തിരഞ്ഞെടുത്ത ആശുപത്രികളിൽ ആരോഗ്യവകുപ്പ് ഡി-അഡീക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള പരിശോധന നടത്തി വരുന്നു. |
| (ബി) | പട്ടാമ്പി നിയോജക മണ്ഡലത്തിൽ ഡി-അഡിക്ഷൻ / കൗൺസിലിംഗ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ; | (ബി) | പാലക്കാട് ജില്ലയിൽ നിന്നും ഒറ്റപ്പാലം താലൂക്ക് ആശുപത്രി, ചിറ്റൂർ താലൂക്ക് ആശുപത്രി എന്നിവയാണ് പുതുതായി ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിന് നിലവിൽ തിരഞ്ഞെടുത്തിട്ടുള്ളത്. പട്ടാമ്പി താലൂക്കിൽ നിന്നും നിലവിൽ ആശുപത്രികൾ ഒന്നും തിരഞ്ഞെടുത്തിട്ടില്ല. |
| (സി) | പാലക്കാട് ജില്ലയിൽ പട്ടാമ്പി താലൂക്കിൽ ഇത്തരത്തിൽ എത്ര പേർക്കാണ് കൗൺസിലിംഗ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | പാലക്കാട്, കോട്ടത്തറ ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ പ്രവർത്തിക്കുന്ന ഡി-അഡീക്ഷൻ സെന്ററിൽ 2022 ജൂലൈ 31 വരെ 4234 പേർക്ക് കൗൺസിലിംഗ് നൽകിയിട്ടുണ്ട്. താലൂക്ക് തിരിച്ചുള്ള വിവരം സൂക്ഷിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ